പ്രൊഫ.പന്മനയ്ക്കു പ്രണാമം >> മാത്യു ഉലകംതറ

# താൻമ

## ഫോർ യുണീക് റീഡിംഗ്

2018 ജൂലൈ
വില ₹ 20

## ആത്മബോധത്തെ അഭിമാനമാക്കി മാറ്റുന്നതിൽ സി.കെ. ജാനു പരാജയപ്പെട്ടു

കെ.എം. സലിംകുമാറുമായി സംഭാഷണം

## എഴുത്തച്ഛൻ എന്റെ പാരമ്പര്യമാണന്ന് ഞാൻ പറയും

എം. എൻ. കാരശ്ശേരി

# പാമ്പിന് വിഷം കൂടും, പക്ഷേ...





ശിവദാസൻ.എ.കെ

കരിച്ചാത്തി പുല്ലാനി മൂർഖൻ കറുത്തും
വെളുത്തും നിറം ചേർന്ന വെമ്പാല വർഗ്ഗം
എഴുത്താണി രക്താഖ്യ കൈതാഖ്യരെന്നീ
വിധം മൂർഖരൊട്ടേറെയാം കേരളത്തിൽ

പ്രഭാതത്തിലെ പതിവു സവാരി കഴിഞ്ഞ് വരുന്ന വഴി ഗേറ്റിന്  മുന്നിൽ പത്രക്കാരൻ എറിഞ്ഞിട്ട പത്രം കുനിഞ്ഞെടുക്കുമ്പോഴാണ് അത് കണ്ണിൽ പെട്ടത്.

ഉള്ളിലൂടെ ഒരു നടുക്കം കടന്നു പോയി. പല നിറത്തിൽ കൊഴിഞ്ഞു വീണു കിടന്ന ഇലകൾക്കിടയിലൂടെ അവനങ്ങനെ ശാന്തനായി ഇഴഞ്ഞു വരികയാണ്. എങ്ങും പോകാനില്ലാതെന്നോണമുള്ള അലസഗമനം. കുഞ്ഞാണ്. ഒരു നേർത്ത് കറുത്ത ചരടെന്നേ ഒറ്റ നോട്ടത്തിൽ തോന്നുകയുള്ളൂ.

പ്രഭാതം പാമ്പുകളുടെ സമയമല്ല. പക്ഷേ, ഇത്തരം വ്യവസ്ഥകൾ ഇപ്പോഴോർക്കാൻ കഴിയില്ല. ഒരു നിമിഷം ഞാൻ നിശ്ചലനായി നിന്നു. കാലങ്ങളായുള്ള ജൈവപരമായ ശത്രുത എന്നിൽ തല പൊക്കി. പാമ്പുകളുമായി എനിക്കുണ്ടായിരുന്ന തറവാട്ടു ബന്ധം ഒരു നിമിഷം മറന്നു പോയി. ഇതിങ്ങനെ തൊട്ടടുത്ത് വന്നിട്ട് വെറുതേ വിടുകയോ.

പക്ഷേ, കഷ്ടമെന്നല്ലാതെ എന്തു പറയാൻ ഞാനിന്നേ വരെ ഒരുപാമ്പിനേയും കൊന്നിട്ടില്ല. കൊല്ലാനാകുമെന്ന് ഒരുറപ്പുമില്ല. അത് കുഞ്ഞാണെങ്കിൽ പോലും. അതേ കാരണം കൊണ്ടുതന്നെ എന്റെ മുന്നിൽ ഇതേ തരത്തിൽ വന്ന പല പാമ്പുകളെയും- നീർക്കോലി, പച്ചില പാമ്പ് , വില്ലൂന്നി പാമ്പ്, ചേര, മണ്ണൂലി പാമ്പ് തുടങ്ങിയവയെയെല്ലാം വിഷമില്ലെന്ന ന്യായത്താൽ വെറുതേ വിട്ടിട്ടുണ്ട്.. ഒരിക്കൽ ചോരത്തിളപ്പിൽ ഒരണലിയെ മാത്രമാണ് ഞാൻ ആളെക്കൂട്ടി കൊല്ലിച്ചത്.

ഇവിടെ അത്തരം ആനുകൂല്യം വല്ലതും നൽകാനാകുമോ എന്ന് ഞാൻ നോക്കി. പാമ്പുകളെയെല്ലാം ഒരു മാതിരി ഞാൻ മുമ്പ് പറഞ്ഞ ബന്ധം വെച്ച് തിരിച്ചറിയും. പക്ഷേ, അത്തരമൊരാനുകൂല്യത്തിന്റെ യാതൊരാവശ്യവുമില്ല എന്ന് വെളിവാക്കി അത് തലയുയർത്തി എന്നെ നോക്കി. ആ നിമിഷം എന്നെ ഞെട്ടിച്ചുകൊണ്ട് അതിന്റെ പത്തി അൽപമൊന്ന് വിടരുകയും പിന്നെ അതേ വേഗത്തിൽ താഴുകയും ചെയ്തു.

താൻ മൂർഖനാണ് എന്ന് സ്വയം പ്രഖ്യാപിക്കുകയായിരുന്നു പാമ്പ്. നാട്ടുകാർ തനിക്കിട്ട പേര് അതിനറിയാൻ വഴിയില്ലെങ്കിൽ കൂടി.

ആരെയെങ്കിലും വിളിക്കണമെന്ന ഉത്ക്കടമായ ആഗ്രഹം തൊണ്ടയിൽ തടഞ്ഞു നിൽക്കെ പാമ്പ് വീണ്ടും എന്നെ തലയുയർത്തി നോക്കി.

ഞങ്ങളുടെ കണ്ണുകൾ ഒന്ന് കൂട്ടി മുട്ടി. അതിശയമെന്ന് പറയട്ടെ, എനിക്കാ പാമ്പിൻകണ്ണിൽ ഇതു വരെ തോന്നാത്ത നിഷ്കളങ്കതയാണ് കാണാൻ കഴിഞ്ഞത്.

പെട്ടെന്ന് ഞങ്ങൾക്കിടയിലെ അപരിചിതത്വം ഒന്ന് ലഘൂകരിക്കപ്പെട്ടു. ഞാൻ കുനിഞ്ഞ് ഒന്നുരണ്ട് മണൽത്തരികളെടുത്ത് അതിനു നേരെ സൗമ്യമായി എറിഞ്ഞ് സ്നേഹപൂർവ്വം ശാസിക്കുന്നതു പോലെ പറഞ്ഞു.

പോ പാമ്പേ.

പാമ്പ് പോയില്ലെന്നു മാത്രമല്ല, അൽപം മുന്നോട്ട് നീങ്ങി നാക്ക് നീട്ടി എന്റെ മണം ശ്വസിച്ചു.

എന്തെന്നറിയാത്ത ഒരു ഉൾക്കിടിലം എനിക്കുണ്ടായി.

ഞാൻ പാദങ്ങൾ ഉയർത്തിച്ചാടി ഒരു ചെറിയ ശബ്ദമുണ്ടാക്കി.

പാമ്പ് തെല്ല് പതുങ്ങുകയും വീണ്ടും തലയുയർത്തുകയും ചെയ്തു. ഇത്തവണ നാക്കു നീട്ടിയത് ആരുടെ മണം പിടിക്കാനാണാവോ.

ഇതിനിടെ പുറത്തേക്ക് വന്ന ഭാര്യ ഞാൻ ഗേറ്റിൽ തറഞ്ഞുനിൽക്കുന്നത് കണ്ട് എന്തുപറ്റി, എന്താ അവിടെ എന്നെല്ലാം ചോദിക്കുന്നത് കേട്ടു.

അപരയുടെ സാമീപ്യം മനസ്സിലാക്കിയ നിമിഷം പാമ്പ് തല താഴ്ത്തുകയും പൂന്തോട്ടത്തിന്റെ മൂലയിലെ പൊത്തിലേക്ക് നിഷ്ക്രമിക്കുകയും ചെയ്തു.

ഇത്രയും വ്യക്തമായി പാമ്പിനെ കണ്ട കാര്യം ഭാര്യയിൽ നിന്ന് മറച്ചു വെച്ചു

കൊണ്ടാണ് അകത്തേക്ക് കയറിയത്.

പക്ഷേ അവളുടെ ചോദ്യത്തിനുള്ള മറുപടിയായി എന്തോ ഒന്ന് അനങ്ങുന്ന പോലെ എന്നു പറഞ്ഞതും ഒരു മലവെള്ളപ്പാച്ചിൽ പോലെ അവൾ പറയാൻ തുടങ്ങി.

വല്ല പാമ്പോ മറ്റോ ആവ്വോ. ഇവിടൊരു പട്ടീനെ വളത്തണ്ണ്ട്. വെറുതേ തീറ്റ കൊടുക്കാം. പാമ്പിനേക്കണ്ടാ കൊരക്ക്വൂങ്കൂടില്ല്യാ. പിന്നെ നെങ്ങടെ പൂച്ചകള്. പാമ്പിനെ പിടിച്ച് അകത്ത് വെക്കാണ്ട് നോക്കിക്കോ. ഇപ്പോ കുറച്ച് മയിലുകള് നടക്കണ്ട്. എന്നിട്ടും പാമ്പോ. ആരേങ്കിലും കൂട്ടി മുറ്റത്തിനപ്പുറത്തെ കാട് ഒന്ന് തെളിച്ചിടണം. ഈടും മൂടൂല്യാത്ത രണ്ട് പിള്ളേര് നടക്കണെതാ.

ആ ഒറ്റ സ്റ്റേറ്റ്മെന്റിൽത്തന്നെ വീട്ടിലെ പട്ടിയോടുള്ള കെറുവ്, ഞാൻ പൂച്ചയെ വളർത്തുന്നതിലുള്ള രോഷം, കാലത്തും വൈകിട്ടും പറമ്പിലൂടെ കവാത്തു നടത്തുന്ന മയിലുകളോടുള്ള വെറും നാട്ടുവിരോധം എന്നിവയെല്ലാം പ്രകടിപ്പിച്ച് ഭാര്യ അടുക്കളയിലേക്ക് പിൻവലിഞ്ഞു. അവൾ അടുക്കളയിലെത്തി എന്ന് ഉറക്കെ വിളിച്ചു പറഞ്ഞ് ഒരു സ്റ്റീൽ പാത്രം താഴെ വീണു ചിലമ്പി.

ഞാൻ ഭാര്യ പറഞ്ഞ ഈടും മൂടുമില്ലാത്ത പിള്ളേരെകുറിച്ചോർത്തു. കിളിക്കുട്ടികൾ ചിറകുറച്ച് പറന്നു പോയ കിളിക്കൂടു പോലെയായിരുന്നു ഞങ്ങളുടെ വീട്. അവളത് ചിലപ്പോഴൊക്കെ മറന്നു പോകുന്നു എന്നേ ഉള്ളൂ.

ഈ നിലക്ക് ഞാൻ ഒരു പാമ്പിനെ കണ്ടെന്നും അത് മൂർഖനാണെന്നും, അതിനെ വെറുതേ വിട്ടെന്നും പറഞ്ഞിരുന്നെങ്കിലുണ്ടാകുമായിരുന്ന പുകിലോർത്ത് ഞാൻ പൂമുഖത്ത് തന്നെയിരുന്നു. പാമ്പ് കയറിപ്പോയ മാളം ഇരുന്ന ഇരുപ്പിൽ കാണാൻ വേണ്ടി പതിവില്ലാത്ത വിധം ആ ദിശയിലേക്ക് കസേര നീക്കിയിട്ടു. പത്രം വായിക്കാനെടുത്തെങ്കിലും ഒന്നും കണ്ണിൽ തടയുന്നില്ല. മനസ്സിൽ, അവിചാരിതമായി കടന്നു വന്ന ആ പാമ്പിൻ കുഞ്ഞാണ്.

പാമ്പിനോട് എനിക്കുള്ള ബന്ധം അറിയണമെങ്കിൽ അൽപം കുടുംബ പുരാണം പറയേണ്ടി വരും. ഞങ്ങളുടെ കുടുംബം കുറച്ചു കൂടി തെക്കോട്ടേക്ക് നീങ്ങി കോട്ടയം ജില്ലയിലെങ്ങോ ആയിരുന്നെന്നാണ് വിവക്ഷ. അത്തരം വേരുകൾ ഇപ്പോൾ അവിടെയുണ്ടോ എന്ന് എനിക്കറിയില്ല. ആ വേരുകളിലെവിടെയോ കേട്ടുകേൾവി പ്രകാരം എണ്ണം പറഞ്ഞ വിഷഹാരികളുണ്ടായിരുന്നു. നന്ത്യാർ തോട്ടമെന്നായിരുന്നു പേര്. അത് അച്ഛന്റെ അമ്മ വഴിക്കാണ്. വിഷവൈദ്യ പാരമ്പര്യം മുറിഞ്ഞതിനു തൊട്ടുശേഷമുള്ള തലമുറയിലെ കണ്ണിയിൽ നിന്നാണ് അച്ഛമ്മ പൊട്ടിച്ചിനച്ചു പോന്നത്. ഇതെല്ലാം എന്റെ ബാല്യഭാവനകൾക്ക് കൂട്ടായി അച്ഛമ്മ പറഞ്ഞ കഥകളായിരുന്നു.

നന്ത്യാർ തോട്ടത്തിലെ അവസാന വിഷ





ഹാരി കാരണവർ മരിക്കാൻ കിടക്കുകയാണ്. വലിവ് തുടങ്ങിയ കാരണവരെ തഴപ്പായയിൽ കിടത്തി തലയ്ക്കലിരുന്ന് രാമായണം വായിക്കുന്നുണ്ട്. രണ്ട് ദിവസമായി തുടർച്ചയായുള്ള വായനയാണ്. കാലൻ പോത്തിൻ പുറത്ത് കയറുമായി വന്നു നിൽക്കുന്നത് കാണുന്നതു പോലെയാണ് അച്ഛമ്മയുടെ കഥ പറച്ചിൽ. ആത്മാവിനെ കാലന് വിട്ടുകൊടുക്കാതെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകാൻ ശിവഭൂതഗണങ്ങളും എത്തിയിട്ടുണ്ട്. മരണം നീളുന്നതിൽ പരിഭ്രാന്തരായ ബന്ധുജനങ്ങൾ കണിയാരെ വരുത്തി പ്രശ്നം വെയ്പിച്ചു. കവടിയിൽ തെളിഞ്ഞത് കണിയാൻ പറഞ്ഞു. ഇത് വടം വലിയാണ്. രണ്ടു പക്ഷവും സമാസമം. വിഷഹാരിയായി നൂറുകണക്കിനാളുകളുടെ ജീവൻ രക്ഷിച്ചതു വഴി പുണ്യമുണ്ട്. സ്വർഗ്ഗപ്രാപ്തിക്ക് അതു മതി, അതേ സമയം മാരക പ്രയോഗങ്ങൾ വഴി നാഗകോപത്തിന് കാരണമായിട്ടുണ്ട്. കാരണവർ ചെയ്തിട്ടില്ല. പക്ഷേ അദ്ദേഹം നിമിത്തമായിട്ടുണ്ട്. അതു കൊണ്ടാണ് കാലൻ വിടാതെ നിൽക്കുന്നത്. ദീർഘാലോചനകൾക്കു ശേഷം കണിയാൻ വിധിച്ച പരിഹാരമായി എട്ടു കാവുകളിലേക്ക് വെള്ളിനാഗത്താന്മാരെ വഴിപാടു നേർന്നതിനു ശേഷമത്രെ കാരണവർ മരിച്ചത്. മരിച്ചതിനു ശേഷം സ്വർഗ്ഗമോ നരകമോ എന്ന് അന്വേഷിക്കുന്നതിൽ അർത്ഥമില്ലാത്തതിനാൽ ആ പ്രശ്നം അതോടെ തീർന്നു.

കാരണവരെ ചിതയിലേക്കെടുക്കവെ ആളുകളൊരു കാഴ്ച കണ്ട് അമ്പരന്നു. തൊടി നിറയെ പാമ്പായിരുന്നു,. പുരാണങ്ങളിൽ മാത്രം കേട്ടു പരിചയമുള്ള തരം പല തലകളുള്ള സർപ്പങ്ങളെ കണ്ട് നാട്ടുകാർ അതിശയിച്ചു. ആ കാരണവർക്ക് ശേഷം നന്ത്യാർതോട്ടക്കാരുടെ വിഷവൈദ്യപ്രയോഗം കുറ്റിയറ്റെന്നാണ് കണക്ക്.

ഈ കഥയിൽ എനിക്ക് കഠിനമായ നിരാശ തോന്നിയിട്ടുണ്ട്. എടുത്തു പറയാനില്ലാത്ത തറവാട്ടുപേരിന്റെയും ദാരിദ്ര്യം പിടിച്ച ഒരു ബാല്യത്തിന്റെയും അരിഷ്ടതകളിൽ നിന്നാണ് ഞാനാ ഗതകാല പ്രൗഢിയുടെ കഥകൾ കേട്ടത്. അച്ഛമ്മയുടെ കഥയനുസരിച്ച് നന്ത്യാർതോട്ടത്തിലെ കാരണവർക്ക് ഒരു ദിവസം ഒരു കോഴി എന്നതാണ് രീതി. നാടൊട്ടുക്കുനിന്നും വൈദ്യരെ കാണാൻ വരുന്നവർ കോഴികളെ ചുമന്ന് വരുന്നത് ഞാൻ സ്വപ്നം കണ്ടു. തൊണ്ണൂറു വയസ്സായിട്ടും കാരണവരുടെ പല്ലിന് ഒരു കേടുമുണ്ടായില്ലത്രെ. ആ നിരാശയിൽ നിന്ന് രക്ഷപ്പെടാൻ എന്റെ വകയിലുള്ളോരപ്പൂപ്പൻ വലിയ വിഷഹാരിയായിരുന്നു എന്ന് പണ്ടൊക്കെ, ചിലപ്പോഴൊക്കെ ഇപ്പഴും ഞാൻ സുഹൃത്തുക്കളോട് പറയാറുണ്ട്. തറവാട്ടു പേര് മാറിപ്പോയത് സ്വാഭാവികമായിരുന്നു. കേട്ടതുവച്ച് അവസാനത്തെ കാരണവരുടെ മകന്റെ മകളാണ് അച്ഛമ്മ. മകൾ വഴി തറവാട്ടുപേര് പതിവില്ലാത്തതിനാൽ

നന്ത്യാർതോട്ടമെന്നത് ഒരു മരീചികയായി നില കൊണ്ടു.

കാരണവർ എന്താണോ അച്ഛമ്മയുടെ അച്ഛനത് പറഞ്ഞുകൊടുക്കാതിരുന്നത്. അങ്ങനെ കൊടുത്തിരുന്നുവെങ്കിൽ കുറേക്കൂടി പ്രബലമായി ആ തറവാട് തുടരുമായിരുന്നു എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ക്ഷയിച്ചു പോകുന്നതിനു പകരം വിഷവൈദ്യം കൊണ്ട് പേരെടുത്തേനെ. അതിനും കാരണമായി വേറൊരു കഥയുണ്ട്. ഒരു ചതിയുടെ കഥ. അവസാനത്തെ കാരണവരെ ചതിച്ചത് ഒരെമ്പ്രാന്തിരിയാണ്. എമ്പ്രാന്തിരിയും വൈദ്യൻ. കാരണവരുടെ കൂട്ടുകാരൻ. ഈഴവപ്രമാണിയായ കാരണവർക്ക് എമ്പ്രാന്തിരിയോടുള്ള സൗഹൃദം അന്നത്തെകാലത്ത് ഒരു ബഹുമാനം തന്നെ. ഒരിക്കൽ കാരണവരുടെ കൈവശമുള്ള പഴക്കമുള്ള ഗ്രന്ഥങ്ങൾ കണ്ടാൽകൊള്ളാമെന്നായി എമ്പ്രാന്തിരി. കാരണവർ സമ്മതിച്ചു. പക്ഷേ, തിരിച്ചു കൊടുത്തതിൽ വിശേഷപ്പെട്ടതു പലതും ഉണ്ടായില്ല. അതിലൊന്നിലായിരുന്നത്രെ കടിച്ച പാമ്പിനെ വരുത്തി വിഷമിറക്കുന്ന തരം കഠിന പ്രയോഗങ്ങൾ. നന്ത്യാർതോട്ടത്തിലെ ഒരു വൈദ്യനും അത്തരം പ്രയോഗങ്ങൾ നടത്തിയിട്ടില്ല. പക്ഷേ എമ്പ്രാന്തിരി അതു ചെയ്തെന്നാണ്. ഊരുതെണ്ടിയായ എമ്പ്രാന്തിരിയിൽ നിന്നും ഗ്രന്ഥം തിരികെ വാങ്ങാൻ കാരണവർക്കായില്ല. എമ്പ്രാന്തിരി ചെയ്ത നാഗദോഷങ്ങളുടെ ഫലം നന്ത്യാർ തോട്ടത്തിലും വന്നു വീണു. തലമുറ



കളായി കൈമാറിയ രഹസ്യങ്ങൾ കൈമോശം
വന്നതിലും ഉറ്റ ചങ്ങാതിയുടെ ചതിയിലും
മനം നൊന്താണ് കാരണവർ മരിച്ചത്. നിരാശ
നായ കാരണവർ ഇനിയീ തറവാട്ടിൽ വൈദ്യം
വേണ്ടെന്നുകൂടി വിലക്കുകയായിരുന്നു. അങ്ങ
നെയാണ് ഞങ്ങളുടെ തറവാട് പേരു കേട്ടതിൽ
നിന്നും പേരു കേൾക്കാത്തതായി ദാരിദ്ര്യത്തറ
വാടായി ക്ഷയിച്ചു പോയത്. ആ എമ്പ്രാന്തിരി
യുടെ മക്കൾ വിഷവൈദ്യത്തിന്റെ ബലത്തിൽ
ആധുനികവൈദ്യം പഠിച്ച് ശീമയിലെത്തിയ
കഥയും അച്ഛമ്മ പറഞ്ഞിട്ടുണ്ട്. സത്യത്തിൽ
അതിന്റെ ബലം പറ്റി പോകേണ്ടത് ഞങ്ങളായി
രുന്നല്ലോ. കഥ സത്യമായാലും വെറും കഥമാ
ത്രമായാലും ഒരിക്കലും കണ്ടിട്ടില്ലാത്ത എമ്പ്രാ



ന്തിരിയും പിന്മുറക്കാരുമായിരുന്നു എന്റെ
ബാല്യത്തിലെ ശത്രുക്കൾ.

എനിക്ക് ചായയുമായി വന്ന ഭാര്യ കസേര
യുടെ ദിശാമാറ്റം കണ്ട് ഇതെന്ത് കൂത്തെന്ന്
ചോദിച്ച് കടന്നു പോയി. ഞാൻ വീണ്ടും ആ
പൊത്തിലേക്ക് നോക്കി. ആ പാമ്പിൻകുഞ്ഞ്
അതിൽ സുരക്ഷിതനായി ഇരിക്കുന്നുണ്ടാകണം.

ഇന്നലെ വരെയില്ലാത്ത ഒരു പുതിയ ആശങ്ക
എന്നെ പൊതിഞ്ഞു. തൊടിയുടെ താഴെ നിന്ന്
പതിവുകാരായ മയിലുകളുടെ കരച്ചിൽ കേട്ടതും
ഞാൻ നടുങ്ങി. മയിലുകൾ മാത്രമോ, അങ്കച്ചേ
കവരെപോലെ രണ്ടും കൽപ്പിച്ചു നടക്കുന്ന
പൂവൻ കോഴികൾ, ഞാൻ ഓമനിച്ചു
വളർത്തുന്ന പൂച്ച, പിന്നെ വീട്ടുകാവൽക്കാരൻ
പട്ടി , കീരി, കാക്ക അങ്ങനെ കണ്ടാലറിയു
ന്നവരും അല്ലാത്തവരുമായ ഒരു പ്രബലനിര
എത്ര പെട്ടെന്നാണ് എന്റെ എതിർചേരിയിൽ
വന്നത്. അതിൽ നിന്ന് ഞാനീ പാമ്പിൻ
കുഞ്ഞിനെ എങ്ങനെ രക്ഷിക്കാനാണ്. സർവ്വ
സ്വതന്ത്രനായ അവനെ എന്റെ കരവലയത്തി
ലൊതുക്കി സംരക്ഷിക്കാനാകില്ല. പക്ഷേ
വീണ്ടും ഒരു പരിചയം പുതുക്കലിനായി
അവൻ പുറത്തേക്കു വന്നാൽ. ആലോചിക്കു
ന്തോറും ഞാൻ കൂടുതൽ അസ്വസ്ഥനായി. ഒരു
പക്ഷേ ഇന്നു രാവിലെ വരെ സ്വപ്നത്തിൽ
പോലും കരുതാത്ത ഒരു കാര്യത്തിനാണ്
ഞാനെന്റെ ഇഷ്ടക്കാരെപ്പോലും എതിർചേരിയി
ലാക്കി കളഞ്ഞത്.

അമ്മ വഴിക്കാണെങ്കിലും നന്ത്യാർതോട്ട
ത്തിലെ സദ് വൃത്തരായ വൈദ്യരുടെ അനന്തര
തലമുറയെ നാഗത്താൻ തിരിച്ചറിഞ്ഞുകാണു
മോ. അതാണോ ഈ അനുനയത്തിനു കാര
ണം. ഞാൻ ഉള്ളിൽ ചിരിച്ചു. ഞാനിതി
ലൊന്നും വിശ്വസിക്കുന്ന ഒരാളല്ല. പക്ഷേ
നന്ത്യാരുതോട്ടത്തിലെ കാരണവരുടെ കഥയിൽ
എന്തെങ്കിലുമൊക്കെ സത്യമാണെന്നെനിക്കറി
യാം. കാരണവരിൽ നിന്ന് ശേഖരിച്ച വിവര
ങ്ങൾ വെച്ച് അച്ഛമ്മയുടെ അച്ഛൻ ഒരു കുറിപ്പു
തന്നെ എഴുതിയിട്ടുണ്ട്. അത് ഞാനിന്നു വരെ
വായിച്ചിട്ടില്ല. അച്ഛമ്മ നിധിപോലെ കൊണ്ടു
നടന്ന ഒരു മരപ്പെട്ടിയിലായിരുന്നു അത് സൂക്ഷി
ച്ചിരുന്നത്. പെട്ടെന്ന് എന്റെയുള്ളിലൂടൊരാന്തൽ
കടന്നു.പോയി. ആ പെട്ടി എവിടെയാണ്.
അച്ഛമ്മയുടെ മരണശേഷം അതെവിടെ എന്ന്
കണ്ടിട്ടില്ല. അല്ലെങ്കിൽ ശ്രദ്ധിച്ചിട്ടില്ല. ഇതി
ലൊന്നും താത്പര്യമില്ലാതിരുന്ന എന്റെ അച്ഛൻ
ഒരു കൃഷിക്കാരനായി മാത്രം ജീവച്ച് മരിച്ചുപോ
യി. പെട്ടികൊണ്ട് എന്തെങ്കിലും പ്രയോജനമു
ണ്ടാകുമെന്ന് ആരും കരുതിയില്ല. കാരണവ
രുടെ എന്തൊക്കെ വിവരങ്ങളായിരിക്കും അതി
ലുണ്ടായിരിക്കുക. എന്തായിരിക്കും വൈദ്യം
നിർത്തിപ്പോകാനിടയാക്കിയ ആ രഹസ്യം.
മൺമറഞ്ഞു പോയ വല്ല പ്രയോഗങ്ങളും അതി
ലുണ്ടാകുമോ. അത് ആർക്കെങ്കിലും കൈമാറി

യെന്നാൽ ഉപകാരമാവില്ലേ. അങ്ങനെ വെറുതേ കൊടുക്കാൻ പറ്റുമോ. പഴയ അറിവുകൾ അമൂല്യമെന്നല്ലേ. അതിന് നല്ല വില കിട്ടുമോ. ആധുനിക വൈദ്യശാസ്ത്രം ഇത്ര കണ്ടു വികസിച്ചിടത്ത് ഇതാര് വില കൊടുത്ത് വാങ്ങാനാണ്. എന്തായാലും പിശാച് ബാധിച്ചവനെപ്പോലെ ഞാനെഴുന്നേറ്റ് സ്റ്റോർ റൂമിന് നേരെ നടന്നു.

കാര്യമന്വേഷിക്കാൻ വന്ന ഭാര്യയോട് ഒരു കാര്യവുമില്ലാതെ തട്ടിക്കയറി.

"ആ പെട്ടി കാണുന്നില്ല. ഒരു സാധനവും വെച്ചാൽ വെച്ചിടത്തില്ല."

ഭാര്യ വായും പൊളിച്ച് നിന്നു. അവളെ കെട്ടിക്കൊണ്ടു വരും മുമ്പേ കാണാതായ പെട്ടിയെക്കുറിച്ചാണ് പറയുന്നത് എന്നറിയാതെ.

പഴയ വീട് പൊളിച്ചു കളഞ്ഞിരുന്നു. പുതിയ വീട്ടിലേക്ക് കയറ്റാതെ ഉപേക്ഷിച്ചവയുടെ കൂട്ടത്തിൽ ആ പെട്ടിയും.

ഹോ. കഷ്ടം. സ്വയം തലക്കടിക്കുകയേ വേണ്ടൂ.

ഇത്ര പാരമ്പര്യബോധവും കുടുംബസ്നേഹവും ഇല്ലാത്തവനായല്ലോ ഞാൻ.

ഭാര്യ എന്നെ സൂക്ഷിച്ചു നോക്കി. രാവിലെ മുതൽക്കുള്ള എന്റെ സ്വഭാവത്തിലെ പന്തികേട് അവൾക്ക് പിടികിട്ടിക്കാണും.

ഞാൻ വീണ്ടും പൂമുഖത്ത് വന്നിരുന്ന് ആലോചിക്കാൻ തുടങ്ങി.

ആ പെട്ടി എവിടെയായിരിക്കും. എന്റെ ഓർമ്മകളിൽ ഒരു ഇഷ്ടികയോളം വലുപ്പമുള്ള ആ മരപ്പെട്ടി തെളിഞ്ഞു. അത് അച്ഛമ്മ തുറക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതിന് രണ്ടറകളായിരുന്നു. ഒന്നിൽ അച്ഛമ്മക്ക് എവിടെ നിന്നെങ്കിലും പണം കിട്ടിയാൽ സൂക്ഷിക്കാനുള്ളതാണ്. മറ്റേ അറയിൽ നിന്നും കുഞ്ഞായിരിക്കെ ഒരു കൗതുകത്തിന് ചുവപ്പു ചട്ടയിൽ പൊതിഞ്ഞ കൊച്ചു പുസ്തകം കൈയിലെടുത്തതായി ഇന്നുമോർക്കുന്നുണ്ട്. അക്ഷരമറിയാത്ത കാലമായതിനാൽ ഒന്നും തിരിഞ്ഞില്ല. പിന്നീടെന്തേ എപ്പോഴെങ്കിലും അതൊന്ന് വായിക്കാൻ തോന്നിയില്ല. അച്ഛമ്മയുടെ അച്ഛന്റെയും അമ്മയുടെയും ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ഫോട്ടോ ഞാൻ ആ പെട്ടിയിൽ കണ്ടിരുന്നു. കസേരയിൽ രണ്ടാം മുണ്ട് ധരിച്ച് ഘനഗംഭീരനായി അദ്ദേഹം ഇരിക്കുന്നു. അദ്ദേഹം നാരായണഗുരുവിനെ നേരിൽ കണ്ടിട്ടുണ്ടത്രെ. കുട്ടിക്കാലത്ത് കണ്ടു മറന്നുപോയ ഫോട്ടോ എന്റെ ഉള്ളിൽ ചില്ലിട്ട പോലെ തെളിഞ്ഞു വന്നു. അതിലിരുന്ന് പ്രൗഢഗംഭീരനായ ആ മുത്തച്ഛൻ എന്നോട് ചോദിക്കുന്നതു പോലെ തോന്നി. പാരമ്പര്യത്തിന്റെ ഏക ചിഹ്നം പോലും കൈയൊഴിഞ്ഞ നീയോ വിഷവൈദ്യം പഠിച്ച് ആഢ്യനാകാനിരിക്കുന്നു.

എനിക്ക് എങ്ങും പോകാനില്ലായിരുന്നു. ആ ദിവസം മുഴുവൻ ഞാൻ വീട്ടിൽ ഉഴറി നടന്നു.



ചിലപ്പോൾ പാമ്പിൻ കുഞ്ഞിന്റെ പൊത്തിനരികെ ചെന്ന് അജ്ഞാതരായ ശത്രുക്കളുടെ സാന്നിദ്ധ്യമുണ്ടോ എന്ന് നോക്കും. അല്ലാത്തപ്പോൾ ആ പെട്ടി പോയല്ലോ എന്ന സന്താപത്തോടെ വീട്ടിനുള്ളിലും പരിസരത്തും കറങ്ങി നടക്കും.

രാത്രിയിലെ മയക്കത്തിൽ പല തവണ ഭാര്യയുടെ പാവാടച്ചരടിനെ തൊട്ട കൈ പാമ്പെന്ന വിലാപത്തോടെ പിൻവലിക്കപ്പെട്ടു.

നിങ്ങൾക്കിതെന്താ എന്ന് ചോദിച്ച് ഭാര്യ കയർത്തു. അവൾക്കറിയില്ലല്ലോ ആ പെട്ടിയുടെ പ്രസക്തി. പലതും പറഞ്ഞ കൂട്ടത്തിൽ



പഴയ വിഷഹാരിക്കാരണവരുടെ കഥ അവളോടും പറഞ്ഞിട്ടുള്ളതാണ്. അവളതിൽ യാതൊരു താത്പര്യവും കാണിച്ചില്ല എന്നതാണ് സത്യം.

രണ്ട് ദിവസങ്ങൾ അങ്ങനെ കടന്നുപോയി. അന്നൊന്നും എനിക്ക് മറ്റെങ്ങും പോകാനില്ലായിരുന്നു. പക്ഷേ ഉണ്ടായിരുന്നെങ്കിൽ കൂടി ഞാൻ പോകുമായിരുന്നോ എന്ന് സംശയമാണ്. കാര്യങ്ങൾ എന്നെ അത്രയ്ക്കങ്ങ് സ്വാധീനിച്ചിരിക്കുന്നു എന്ന് വേണം പറയാൻ.

മൂന്നാം ദിവസത്തെ അന്വേഷണത്തിനൊടുവിൽ എനിക്കാ പെട്ടി കിട്ടി. വീടു പൊളിച്ചിട്ടും പൊളിക്കാതെ നിർത്തിയ പഴയ തൊഴുത്തിന്റെ മേൽത്തട്ടിലായിരുന്നു അത്. തന്നെ നിലനിർത്തിയ ആഹ്ലാദം പങ്കുവെക്കുന്നതു പോലെ അവിടം തുറന്നു കിടക്കുകയായിരുന്നു. നിധി കിട്ടിയ ആഹ്ലാദമായിരുന്നു എനിക്ക്. പെട്ടിയുടെ പുറത്തെ ചിത്രപ്പണികൾ മങ്ങിയിരുന്നു. തലമുറകളുടെ ഗന്ധം ഞാൻ മൂക്ക് വിടർത്തി ശ്വസിച്ചു. എന്റെ കുട്ടിക്കാലവും അച്ഛമ്മയുടെ സാന്നിദ്ധ്യവും ഞാനറിഞ്ഞു. ഇനി അതിനുള്ളിലുള്ളതെല്ലാം അവിടെയുണ്ടോ എന്നറിയണം. പെട്ടിയുടെ താക്കോൽ നഷ്ടപ്പെട്ടിരുന്നു. പക്ഷേ ശ്രദ്ധയോടെ തട്ടിയപ്പോൾ കാലം ക്ഷീണിപ്പിച്ച പൂട്ട് തനിയെ തുറന്നു. പണം സൂക്ഷിക്കുന്ന ഒന്നാമത്തെ അറ കാലിയായി കിടന്നു. ചുവന്ന പുറം ചട്ടയിലെ പുസ്തകം അതാ അവിടെയുണ്ട്.

കൈയിലെടുത്താൽ നുറുങ്ങി വീഴാനുള്ള ബലമേ അതിനുള്ളൂ എന്ന് തോന്നി. ഞാനൽപനേരം സ്വപ്നത്തിലെന്ന പോലെ നിശ്ചലനായിരുന്നു. ഞാൻ കാണാത്തൊരു വാത്സല്യം കാലങ്ങൾക്കപ്പുറത്തു നിന്ന് വന്ന് എന്നെ തൊട്ടു. പുസ്തകം പഴയ മഷിയും, നിറം മങ്ങിയ കടലാസും കൈകൊണ്ടുള്ള കുത്തിക്കെട്ടുമുള്ളതായിരുന്നു.

ഞാൻ പതിയെ പതിയെ പേജുകൾ മറിക്കാൻ തുടങ്ങി. നാഗലോക വിചാരം എന്ന് ആദ്യപേജിലെ പരന്നു തുടങ്ങിയ മഷിയിൽ കണ്ടു. പലതും ശ്ലോകങ്ങളാണ്. എല്ലാം വായിക്കാൻ പറ്റുന്നില്ല. ഒറ്റ നോട്ടത്തിൽ കുടുംബചരിത്രത്തിലേക്ക് വിരൽചൂണ്ടുന്ന എന്തെങ്കിലുമൊന്ന് അതിലുണ്ട് എന്നു തോന്നിയില്ല.

ഞാൻ വീണ്ടും പൂന്തോട്ടത്തിനരികിലേക്ക് വന്നു. ആ പാമ്പ് അവിടെയുണ്ടോ. അതോ അതിനെ ആരെങ്കിലും നേരിട്ടോ, അറിയില്ല. ഒരുപാമ്പിനെ കണ്ടാൽ വീണ്ടും കാണുക അത്ര എളുപ്പമല്ല. കണ്ടാൽത്തന്നെ അതു തന്നെയാകണമെന്ന് എന്താണൊരുറപ്പ്. ഒന്നു ചീഞ്ഞേ മറ്റൊന്നിനു വളമാകൂ എന്നത് ഭൂമിയിലെ നിയമമാണ്. അതിലും മികച്ചൊരു സഹവർത്തിത്വത്തിന്റെ നിയമം എന്തേ ഭൂമിയിലില്ലാതെ പോയി.

ഞാൻ ഒരിക്കൽ കൂടി പൂന്തോട്ടത്തിനരികിലെ പൊത്തിലേക്ക് നോക്കി.

വീണ്ടും ആ പുസ്തകം കൈയിലെടുത്തു. നാഗലോക വിചാരത്തിലെ രണ്ടാമത്തെ പേജിൽ എന്നെ ആകർഷിച്ചതായ വരികളിലേക്ക് നോക്കി മനസ്സിരുത്തി വായിക്കാൻ തുടങ്ങി.

പാമ്പിന് വിഷം കൂടുതലാണ്.
പക്ഷേ വിശ്വസിക്കാം
മനുഷ്യന് വിഷമില്ല
പക്ഷേ വിശ്വസിക്കരുത്

അപ്പോൾ പൊത്തിന്റെ ഉള്ളിലേക്ക് വെളിച്ചം തടഞ്ഞ് ഇരുട്ടു തുടങ്ങുന്നിടത്ത് രണ്ടു കണ്ണുകൾ തിളങ്ങുന്നത് ഞാൻ കണ്ടു.